കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പൂവ്വാർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2018-19


ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം-695001

e-mail: lfadtvm@yahoo.in

dotvm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം: കെ.എസ്.എ/റ്റി.വി.എം/ജി.പി.1/1110/2020.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം-695001.
e-mail: lfadtvm@yahoo.in
Phone : 0471 2331231

തീയതി: 12-11-2020.

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

പൂവ്വാർ ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം : പൂവ്വാർ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂവ്വാർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പൂവ്വാർ ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,
(ഒപ്പ്)

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്.

നം: കെ.എസ്.എ/റ്റി.വി.എം/ജി.പി.1/1110/2020 തീയതി: 12.11.2020.

# തിരുവനന്തപുരം ജില്ലയിലെ പൂവ്വാർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം1- വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

*****

തിരുവനന്തപുരം ജില്ലയിലെ പൂവ്വാർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 21.12.2018മുതൽ 31.03.2020 വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി ശ്രീജ.കെ, ഡെപ്യൂട്ടി ഡയറക്ടർ. |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.09.2020 മുതൽ 29.09.2020 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി ശോശാമ്മ.എസ്, ഓഡിറ്റ് ഓഫീസർ |
| | : | ശ്രീമതി ആശ ജി.ആർ, സീനി. ഗ്രേഡ് ഓഡിറ്റർ |

| | |
|---|---|
| | ശ്രീമതി ബിന്ദുലത. ബി.പി, സീനി. ഗ്രേഡ് ഓഡിറ്റർ.<br>ശ്രീ. രാജു. എസ്, ഓഡിറ്റർ<br>ശ്രീമതി പ്രിയദർശിനി എസ്.ആർ, ഓഡിറ്റർ<br>കുമാരി ആര്യ കൃഷ്ണൻ. എ. ആർ, ഓഡിറ്റർ |

(ബി) <u>നിർവ്വഹണാധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി അജിതകുമാരി എം.എസ്. | 01.04.2018മുതൽ 31.03.2019വരെ |
| സെക്രട്ടറി | ശ്രീ. സന്തോഷ് കുമാർ. റ്റി. | 01.04.2018 മുതൽ 31.03.2019വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | ഉദ്യോഗസ്ഥന്റെ പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ. മഹേഷ് | 01.04.2018 മുതൽ 3.09.2019 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ. ജവഹർ | 01.04.2018 മുതൽ 30.06.2019വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ഫെമിന | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്റിനറി സർജൻ | ഡോ. ഗോപകുമാർ റ്റി. | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതിവിജയലക്ഷമി.വി.എ. | 01.04.2018 മുതൽ 06.09.2018 വരെ |
| | ശ്രീമതി അനുബാല | 07.09.2018മുതൽ 31.03.2019വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ എ സർക്കിൾ | ശ്രീ.എ.അനൂപ്കുമാർ | 01.04.2018 മുതൽ 07.03.2019വരെ |
| | ശ്രീമതി സെലീന കെ.എം. | 08.03.2019മുതൽ 31.03.2019വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ബി സർക്കിൾ | ശ്രീ. ദിൽജിത് എസ്.എസ് | 01.04.2018 മുതൽ 19.05.2018വരെ |
| | ശ്രീ. എ. അനൂപ്കുമാർ | 20.05.2018 മുതൽ |

| | | |
|---|---|---|
| | | 28.07.2018വരെ (ചാർജ്ജ്) |
| | ശ്രീ.ദിൽജിത്എസ്.എസ് | 29.07.2018 മുതൽ 01.10.2018 വരെ |
| | ശ്രീ. എ. അനൂപ്കുമാർ | 02.10.2018 മുതൽ 07.03.2019വരെ (ചാർജ്ജ്) |
| | ശ്രീമതി സെലീന കെ.എം. | 08.03.2019 മുതൽ 31.03.2019വരെ (ചാർജ്ജ്) |
| എച്ച്.എം. | ശ്രീമതി ശോഭന | 01.04.2018 മുതൽ 31.03.2019വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി രമ്യ | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി ശിവാംബിക | 01.04.2018 മുതൽ 31.03.2019വരെ |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീ. സുശീൽകുമാർ | 01.04.2018 മുതൽ 31.03.2019 വരെ |

<u>ഉള്ളടക്കം</u>


| | ഭാഗം 1 | |
|---|---|---|
| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക നം. |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം* | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| | | |

| | | |
|---|---|---|
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1- 8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ജില്ല, ബ്ളോക്ക് വിഹിതം ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിക്കുന്നു. | 1-12 |
| 13 | പഞ്ചായത്ത് വക ഭൂമി അന്യാധീനപ്പെടാതിരിക്കാൻ സത്വര നടപടികൾ അനിവാര്യം | 1-13 |
| 14 | തൊഴിൽ നികുതി- അപാകതകൾ | 1-14 |
| 15 | പെർമിറ്റ് ഫീസ്- ഈടാക്കിയതിൽ കുറവ് - 2940/-രൂപ നഷ്ടപ്പെട്ടു. | 1-15 |
| 16 | വസ്തുനികുതി ഒഴിവാക്കൽ - നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. | 1-16 |
| 17 | FTEAOS ലൈസൻസ് നൽകുന്നതിലെ അപാകതകൾ | 1-17 |
| 18 | ചെക്ക് പ്രകാരമുള്ള തുക പഞ്ചായത്തിന് ലഭിച്ചിട്ടില്ല- നഷ്ടം 2700/- രൂപ | 1-18 |
| 19 | ഇ-ടെൻഡർ ഫോറത്തിന്റെ വില ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-19 |
| 20 | വർക്കേഴ്സ് വെൽഫയർ ഫണ്ടായി ഈടാക്കിയ തുകയ്ക്ക് കളക്ഷൻ ചാർജ് ഈടാക്കിയില്ല | 1-20 |
| 21 | അഡ്വക്കേറ്റുമാരിൽ നിന്നും ആദായനികുതി ഈടാക്കുന്നില്ല. | 1-21 |
| 22 | നിക്ഷേപ പ്രവൃത്തികൾ നടപ്പാക്കിയതുമായി ബന്ധപ്പെട്ട അപാകതകൾ – 13,85,017/- രൂപ തടസ്സപ്പെടുത്തുന്നു. | 1-22 |
| 23 | ഘടക സ്ഥാപനങ്ങൾക്ക് ഫർണിച്ചർ – 92,543/-രൂപ തടസ്സപ്പെടുത്തുന്നു. | 1-23 |
| 24 | മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ | 1-24 |
| 25 | തെരുവ് വിളക്കു പരിപാലനം - പദ്ധതികളിലെ അപാകങ്ങൾ | 1-25 |
| 26 | വി ഇ ഒ – അക്കൗണ്ട് ക്ലോസ് ചെയ്തിട്ടില്ല, നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. | 1-26 |
| 27 | പി.എം.എ.വൈ. വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല – 7,82,400/- രൂപ തടസ്സപ്പെടുത്തുന്നു. | 1-27 |
| 28 | മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് നൽകൽ - വാങ്ങൽ നടപടികളിലെ അപാകങ്ങൾ | 1-28 |
| 29 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങൽ -പ്ലാൻ ഫണ്ട് | 1-29 |

| | | |
|---|---|---|
| | നഷ്ടം 5,300/- രൂപ | |
| 30 | പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ - പദ്ധതി നടത്തിപ്പിലെ അപാകതകൾ. | 1-30 |
| 31 | സാമൂഹ്യ സുരക്ഷ പെൻഷനുകൾ അനുവദിക്കുന്നതിൽ കാലതാമസം | 1-31 |
| 32 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി – അവലോകനം | 1-32 |
| | ഭാഗം 2<br>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 33 | പെർമിറ്റ് ഫീസ്- ഈടാക്കിയതിൽ കുറവ് - 2940/-രൂപ നഷ്ട്ടപ്പെട്ടു. | 2-1 |
| | ഭാഗം 3<br>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 34 | ഹെഡ്മിസ്ട്രസ് നിർവഹണം നടത്തിയ പ്രോജക്ടുകൾ -പ്ലാൻ ഫണ്ട് നഷ്ടം 5,300/- രൂപ | 3-1 |
| | ഭാഗം 4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 35 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 36 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 37 | നിക്ഷേപ പ്രവൃത്തികൾക്കു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 39 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 40 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 41 | ഓഡിറ്റ് റിക്കവറി | 4-7 |
| 42 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 43 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 45 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ. | 4-11 |
| 46 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം 1 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

# 1-1 ബജറ്റ്

27.03.2018-ാം തീയതിയിലെ 11(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബഡ്ജറ്റ് 27.02.2019 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

<u>ബജറ്റ് നടപടിക്രമങ്ങളിലെ അപാകതകൾ</u>

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങളും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | നടപടിക്രമം | ഗ്രാമപഞ്ചായത്തിന്റെ നടപടിക്രമം |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ | ഡിസംബർ 15-ന് മുൻപ് | ലഭ്യമല്ല |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | ജനുവരി 15-ന് മുൻപ് | ലഭ്യമല്ല |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ ചേരൽ | ജനുവരി 25-ന് മുൻപ് | വിവരം മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ പ്രെപ്പോസൽ വയ്ക്കൽ, ക്രോഡീകരണം | ഫെബ്രുവരി 1-ന് മുൻപ് | വിവരം മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | ഫെബ്രുവരി 28-ന് മുൻപ് | 03.03.2018 |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കരട് ബജറ്റ് നിർമ്മാണം/അംഗീകരിക്കൽ | മാർച്ച് 1-ന് മുൻപ് | ലഭ്യമല്ല |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മിറ്റി ചേരൽ | മാർച്ച് 7-ന് മുൻപ് | 17.3.2018 |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മിറ്റി ചേരൽ | മാർച്ച് 31-ന് മുൻപ് | 19.03.2018 |

ബജറ്റ് തയ്യാറാക്കുന്നതിനാവശ്യമായ ശുപാർശകൾ ലഭ്യമാക്കുവാൻ ഗ്രാമപഞ്ചായത്ത് വിവിധ ഘടകസ്ഥാപനങ്ങളോട് സമയബന്ധിതമായി ആവശ്യപ്പെട്ടിട്ടില്ല. ഘടകസ്ഥാപനങ്ങളുടെയും ആവശ്യകതാനിർണയം നിർണയിച്ചാണോ കരട് ബജറ്റ് തയാറാക്കിയിട്ടുള്ളത്, കരട് പ്രപ്പോസലുകൾ ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് മുൻപിൽ സമർപ്പിച്ചിട്ടുണ്ടോ തുടങ്ങിയ വിവരങ്ങളൊന്നും തന്നെ ലഭ്യമല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം:3 തീയതി 24.09.2020) മേൽ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കിയെങ്കിലും ആയത് സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

<u>ബജറ്റിൽ വകയിരുത്തിയതിൽ അധികം തുക ചെലവു ചെയ്തു</u>

പഞ്ചായത്ത് രാജ് നിയമത്തിലെ 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണമായും പാലിക്കാതെ ബജറ്റ് തയ്യാറാക്കിയതിനാൽ ബജറ്റിൽ വകയിരുത്തിയതിനെക്കാൾ കൂടുതൽ തുക ചെലവഴിക്കേണ്ടി വന്നു.ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ് | ഇനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | അധികമായി ചെലവഴിച്ച തുക |
|---|---|---|---|---|
| 2201001 | വാടക | 10000 | 14000 | 4000 |
| 2205101 | നീതി ന്യായവ്യവസ്ഥക്കുള്ള ചെലവുകൾ | 100000 | 131000 | 31000 |
| 2206101 | മെമ്പർഷിപ്പ് | 0 | 4000 | 4000 |
| 2208001 | മററ് ഭരണ ചെലവുകൾ | 200000 | 332278 | 132278 |
| 2407001 | ബാങ്ക് ചാർജ് നൽകൽ | 3245 | 2000 | 1245 |
| 2531014 | കുടിവെള്ളത്തിനുള്ള പണം നൽകൽ | 0 | 956816 | 956816 |

ബജറ്റിൽ അധികരിച്ച ചെലവുകൾ സാധൂകരിക്കുന്നതിന് പഞ്ചായത്ത് രാജ് നിയമത്തിൽ അനുശാസിക്കും പ്രകാരം റിവൈസ് ചെയ്ത് ഭരണസമിതി അംഗീകാരം നേടിയിട്ടില്ല.

# 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 27.04.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 79,66,006/- |
| വരവ് | 8,60,35,836/- |
| ആകെ | 9,40,01,842/- |
| ചെലവ് | 7,87,74,769/- |
| നീക്കിയിരിപ്പ് | 1,52,27,073/- |

## 1-4 ഫണ്ട് വിനിയോഗം*

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 15846562 | 15846562 | 15846562 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 6136000 | 6136000 | 6136000 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 9128000 | 9128000 | 9128000 | 0 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 3527000 | 3527000 | 3527000 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 7286371 | 7286371 | 7286371 | 0 |
| എം.എൻ.ആർ. ഇ.ജി.എസ് | 21769 | 725585 | 747354 | 712572 | 34782 |
| ബി ഫണ്ട് | 0 | 732000 | 732000 | 732000 | 0 |
| എസ്.ബി. ഐ. | 2687 | 96 | 2783 | 0 | 2783 |

| | | | | | |
|---|---|---|---|---|---|
| ലിറ്ററസി | | | | | |
| എസ്.ബി.ഐ. തനത് | 2360283 | 7945563 | 10305846 | 7430511 | 2875335 |
| കാനറാ തനത് | 4952748 | 5042894 | 9995642 | 48813 | 9946829 |
| റ്റി.എസ്.ബി. | 54608 | 16611215 | 16665823 | 14553011 | 2112812 |
| കാനറാ ലൈഫ് | 0 | 12878434 | 12878434 | 12800018 | 78416 |
| ക്യാഷ് | 573911 | 176116 | 750027 | 573911 | 176116 |

* റസീപ്റ്റ് & പേമെന്റ് പത്രിക പ്രകാരം

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 172 | 107320738 | 143 | 60647084 | 0 | 29 | 83 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 21769 | 725585 | 747354 | 712572 | 34782 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 26341793 | 26341793 | 26341793 | 0 |
| ആകെ | 21769 | 27067378 | 27089147 | 27054365 | 34782 |

# 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 3,94,200/- | 211 |
| കർഷകതൊഴിലാളി പെൻഷൻ | 55,80,800/- | 386 |
| വിധവാപെൻഷൻ | 93,85,800/- | 801 |
| വാർദ്ധക്യ പെൻഷൻ | 1,30,89,200/- | 1337 |
| വികലാംഗപെൻഷൻ | 41,80,600/- | 341 |
| വിധവകളുടെ പെൺമക്കൾക്കുള്ളധനസഹായം | 3,30,000/- | 11 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 2,36,000/- | 21 |

# 1- 8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.09.2020 ന പഞ്ചായത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ രാവിലെ 11.30 മണിക്ക് നടത്തുകയുണ്ടായി. പരിശോധനയിൽ 1,431/-- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം

1. <u>വരവ് ചെലവ് കണക്കുകൾ മോണിറ്റർ ചെയ്യുന്നില്ല</u>

   വരവ് ചെലവ് കണക്കുകൾ ബജറ്റിന്റെ അടിസ്ഥാനത്തിൽ മോണിറ്റർ ചെയ്യുന്നില്ല. തനത് വരവ് വർദ്ധിപ്പിക്കുന്നതിന് പുതിയ നിർദേശങ്ങളോ നടപടികളോ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെയോ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയോ ഭാഗത്ത് നിന്ന് ഉണ്ടായിട്ടില്ല. വരവുകൾ കൃത്യമായി തിട്ടപ്പെടുത്തുകയും ഈടാക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് മതിയായ സംവിധാനം ഇല്ല.

2. <u>തനതു വരവ് ഈടാക്കുന്നതിനുള്ള നടപടികൾ പൂർണ്ണമല്ല</u>

   - പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും ലൈസൻസ് ഫീസ് ഈടാക്കുന്നതിനും ഉള്ള നടപടിക്രമങ്ങൾ പാലിക്കാത്തതിനാൽ തനത് വരവിൽ ശോഷണമുണ്ടാകുന്നു.

- പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ലേലവസ്തുക്കൾ പൂർണ്ണമായും ലേലം ചെയ്ത് തുക മുതൽക്കൂട്ടുന്നതിനും നടപടികൾ സ്വീകരിച്ചിട്ടില്ല.
- വസ്തുനികുതി ഒഴിവാക്കിയതിൽ നടപടിക്രമങ്ങൾ പാലിച്ചില്ല, പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ് സംഭവിച്ചിട്ടുണ്ട്.

3. <u>രജിസ്റ്ററുകൾ യഥാവിധി സൂക്ഷിച്ചിട്ടില്ല</u>

സ്ട്രീറ്റ് ടാപ്പുകളുടെ രജിസ്റ്റർ ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി വിവിധ പദ്ധതികൾ ഗ്രാമപഞ്ചായത്ത് നടപ്പാക്കുന്നുണ്ടെങ്കിലും, ഇതുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിപാലിക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട്.

4. <u>കരാറുകൾ യഥാവിധി ചമക്കുന്നില്ല.</u>

പല പദ്ധതികൾക്കും പ്രവൃത്തിയുടെ ഗുണനിലവാരം, സമയബന്ധിതമായ തീർപ്പാക്കൽ എന്നിവ ഉറപ്പാക്കുന്നതിനും, കരാറുകാരന്റെ വീഴ്ചകളിന്മേൽ സ്വീകരിക്കേണ്ടുന്ന തുടർനടപടികൾ സംബന്ധിച്ച വ്യവസ്ഥകളും ഉൾപ്പെടുത്തിയ വിശദമായ കരാർ ചമക്കുന്നില്ല. കരാറുകാരൻ പോലും ഒപ്പ് വയ്ക്കാത്ത ശൂന്യമായ മുദ്രപത്രവും, ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്താത്തതായ കരാറുകളും വിവിധ പദ്ധതി ഫയലുകളിൽ സൂക്ഷിച്ചിരിക്കുന്നു. (ഉദാഹരണം- ഗ്രാമപഞ്ചായത്തിന്റെ തെരുവ് വിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട പദ്ധതികളുടെ ഫയലുകൾ) ചട്ടപ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാറിലേർപ്പെടാത്തത് തദ്ദേശ സ്ഥാപനത്തിന്റെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനു വിഘാതം നിൽക്കുന്നതും, സർക്കാർ നിർദ്ദേശങ്ങൾക്കു വിരുദ്ധവുമാണ്.

5. <u>നികുതികൾ ഈടാക്കി ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്നു.</u>

വിവിധ വാങ്ങലുകൾ, സേവനങ്ങൾ നടത്തുമ്പോൾ അതുമായി ബന്ധപ്പെട്ട ജി.എസ്.ടി., ആദായ നികുതികൾ ഈടാക്കി ഒടുക്കുന്നതിനു ശ്രദ്ധ പുലർത്തുന്നില്ല. വിശദാംശങ്ങൾക്ക് ഖണ്ഡിക (1-25, 3-1) കാണുക.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 31.12.2019 | 12/2019 | ലഭിച്ചില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.04.2014 | 2008-2013 | 19.05.2014 |

# 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

സ്ഥാപനത്തിന്റെ വാർഷിക കണക്കുകൾ പരിശോധിച്ച് 14.06.2019ൽ കെ.എസ്.എ.റ്റി.വി.എം./ജി.പി1/952/2019-ാം നം സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടുള്ളതാണ്.

ഓഡിറ്റ് വേളയിൽ കണ്ടെത്തിയ അധിക വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(എ) 2018-19 വർഷത്തെ ധനകാര്യ പത്രിക ബി 9 പ്രകാരം other dedcutions (350200299), refund of unutilised grants of prior period (350300109) എന്നീ ശീർഷകങ്ങളിൽ യഥാക്രമം 14,429/-, 11,440/- രൂപ ബാധ്യതയായി അവശേഷിക്കുന്നു. പ്രസ്തുത തുകകളുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ 25.09.2020ലെ ഓഡിറ്റ് അന്വേഷണം നം. 17 ന് നൽകിയ മറുപടിയിൽ 14,429/- രൂപ CMRDF ലേയ്ക്ക് അടച്ചതായി അറിയിച്ചെങ്കിലും ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയില്ല. 11,440/- രൂപയുടെ വിവരങ്ങൾ ലഭ്യമാക്കിയതുമില്ല. തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

(ബി) ലേലം ഇനത്തിലെ വരവ് തുക 12,568/-രൂപ AFS-ൽ തനത് ഫണ്ട് അക്കൗണ്ട് ഹെഡിൽ ഉൾപ്പെടുത്താതെ ഡെപ്പോസിറ്റ് അക്കൗണ്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

# 1-12 ജില്ല, ബ്ളോക്ക് വിഹിതം ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിക്കുന്നു.

സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ബ്ളോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതങ്ങളായി 89,100/-രൂപ (44550/- + 44550/-) 2017-18 മുതൽ പഞ്ചായത്ത് ഫണ്ടിൽ നീക്കിയിരിപ്പായി നിലനിൽക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി 2017-18 വർഷത്തിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായ മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് എന്ന പദ്ധതി വിഹിതമാണെന്നും ആയത് ഈ വർഷം തിരിച്ചടയ്ക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. സ.ഉ(പി)നം07/2017/ഫിൻ തീയതി 23.01.2017 ലെ സംയുക്ത പ്രോജക്ടുകൾക്കുള്ള അക്കൗണ്ട് മാർഗ്ഗരേഖ പ്രകാരം സാമ്പത്തിക വർഷത്തിൽ ചെലവഴിക്കുവാൻ സാധ്യതയില്ലെന്ന് വിലയിരുത്തുന്ന തുക ഫെബ്രുവരി 28 നകം അതാത് സ്ഥാപനങ്ങളിലേയ്ക്ക് തിരികെ നൽകേണ്ടതും, മാർച്ച് 31 ന് ചെലവഴിക്കാതെ അവശേഷിക്കുന്ന തുക സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതുമാണ്. സർക്കാർ നിർദേശം പാലിക്കാത്തതിന് വിശദീകരണം നൽകേണ്ടതും തുക തിരികെ അടച്ച് അറിയിക്കേണ്ടതുമാണ്.

# 1-13 പഞ്ചായത്ത് വക ഭൂമി അന്യാധീനപ്പെടാതിരിക്കാൻ സത്വര നടപടികൾ അനിവാര്യം

പഞ്ചായത്ത് ഭരണ സമിതി യോഗങ്ങളിൽ മുഖ്യ അജണ്ടയായി ഉൾപ്പെടുത്തി

പഞ്ചായത്തിന്റെ വസ്തുവകകൾ അളന്ന് തിട്ടപ്പെടുത്തി സംരക്ഷിക്കുന്നതിന് തീരുമാനം ഉണ്ടായിട്ടുണ്ട്. പുറമ്പോക്ക് ഭൂമിയിൽ നടന്നിട്ടുള്ള കയ്യേറ്റങ്ങൾ സംബന്ധിച്ച് ഭരണസമിതിയ്ക്ക് ലഭിച്ച പരാതികളിൽ തുടർ നടപടി സ്വീകരിക്കുന്നതിനും തീരുമാനം ഉണ്ടായി. പ്രസ്തുത തീരുമാനമനുസരിച്ച് ഭരണസമിതിയിൽ ഉന്നയിച്ച ഏതാനും വസ്തുവിന്റെ വിവരം ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നം | വസ്തുവിന്റെ വിവരണം | ഭരണ സമിതി മീറ്റിംഗ് തീയതി |
|---|---|---|
| 1. | പതിനൊന്നാം വാർഡിൽ പഞ്ചായത്ത് കിണറിനോട് ചേർന്ന് കിടക്കുന്ന തെങ്ങുകൾ ഉൾപ്പെടുന്ന ഭൂമി | 31.01.2018 |
| 2. | വരമ്പ് ചെറിയതോട്ടം പുറമ്പോക്ക് ഭൂമി. | 11.04.2018 |

മേൽ വിഷയങ്ങളിലും ഭൂമി സംബന്ധമായി ലഭിച്ച മറ്റ് പരാതികളിലും സ്വീകരിച്ച തുടർ നടപടികൾ അറിയിക്കുന്നതിനും പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വസ്തുവകകളും മറ്റ് ആസ്തികളും പൂർണ്ണമായും അളന്ന് തിട്ടപ്പെടുത്തി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുകയും ആയത് സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിനും നൽകിയ 25.09.2020ലെ ഓഡിറ്റ് എൻക്വയറി നം. 21 നുള്ള മറുപടിയിൽ മേൽ ക്രമ നം. 2 പ്രകാരമുള്ള പുറമ്പോക്ക് ഭൂമി അളന്ന് അതിര് കല്ലുകൾ സ്ഥാപിച്ച് തരുന്നതിന് താലൂക്ക് സർവ്വേയർക്ക് കത്ത് നൽകി എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിക്കാത്ത സാഹചര്യത്തിൽ ഓർമ്മക്കുറിപ്പ് നൽകിയതായും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതായും അറിയിച്ചു. പൊതു സ്ഥലങ്ങൾ കൈയ്യേറ്റം ചെയ്യാതെ സംരക്ഷിക്കുക എന്നത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽപ്പെടുന്നതാണ്. പഞ്ചായത്തിന്റെ ആസ്തിയെ സംബന്ധിച്ച ഗൗരവതരമായ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കാതിരിക്കുന്നത് അഭിലഷണീയമല്ല. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പും അടിയന്തിര പ്രാധാന്യം നൽകി ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

# 1-14 തൊഴിൽ നികുതി- അപാകതകൾ

തൊഴിൽ നികുതി ഈടാക്കുന്നതിൽ 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

പഞ്ചായത്തിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിലെ മേധാവികൾ സമർപ്പിച്ച വരുമാന പത്രികകളിലും തൊഴിൽനികുതി രജിസ്റ്ററിലും കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

<u>എ) തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്</u>

കമ്പനികളുടെയും വ്യക്തികളേയും അർധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കാവുന്ന പരമാവധി തൊഴിൽ നികുതി, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 3 പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്.

1. തൊഴിൽനികുതി രജിസ്റ്റർ പ്രകാരം ചുവടെ ചേർക്കുന്ന ജീവനക്കാരിൽ നിന്നും 2018-19 ആദ്യപകുതിയിൽ, നിഷ്കർഷിച്ചിട്ടുള്ള നിരക്കിൽ നിന്നും കുറഞ്ഞ തുകയാണ് ഒടുക്കിയിരിക്കുന്നത്.

| നം. | പേര് | അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | ഈടാക്കിയതിൽ കുറവ് വന്ന തുക |
|---|---|---|---|---|---|
| 1 | ഷീജ.ഡി.ടൈറ്റസ് (ആർ.ബി.എസ്.കെ നഴ്സ്, സി.എച്ച്.സി) | 86,940/- | 750/- | 720/- | 30/- |
| 2 | അർച്ചന.എസ്.എൻ (ആർ.ബി.എസ്.കെ നഴ്സ്, സി.എച്ച്.സി) | 86,940/- | 750/- | 720/- | 30/- |
| 3 | അഞ്ജന.എസ് (ആർ.ബി.എസ്.കെ നഴ്സ്, സി.എച്ച്.സി) | 86,940/- | 750/- | 720/- | 30/- |
| 4 | അശ്വതി.ബി.ആർ (ആർ.ബി.എസ്.കെ നഴ്സ്, സി.എച്ച്.സി) | 86,940/- | 750/- | 720/- | 30/- |
| 5 | സിന്ധു.ആർ.എസ് (ആർ.ബി.എസ്.കെ നഴ്സ്, സി.എച്ച്.സി) | 86,940/- | 750/- | 720/- | 30/- |
| 6 | സംഗീത.എസ് (ആർ.ബി.എസ്.കെ. നഴ്സ്, സി.എച്ച്.സി) | 86,940/- | 750/- | 720/- | 30/- |
| 7 | മല്ലിക.എസ് (ആർ.ബി.എസ്.കെ നഴ്സ്, സി.എച്ച്.സി) | 86,940/- | 750/- | 720/- | 30/- |
| 8 | സുമിതകുമാരി.എസ് (ആർ.ബി.എസ്.കെ നഴ്സ്, സി.എച്ച്.സി) | 86,940/- | 750/- | 720/- | 30/- |
| 9 | അഞ്ജിത.പി (പാലിയേറ്റീവ് കെയർ നഴ്സ്) | 83,400/- | 750/- | 360/- | 390/- |

| | | | | | |
|---|---|---|---|---|---|
| 10 | സുജനി.പി (പാലിയേറ്റീവ് കെയർ ഫിസിയോതെറാപ്പിസ്റ്റ്) | 1,00,800/- | 1,000/- | 360/- | 640/- |
| 11 | ദിവ്യ.പി (സ്റ്റാഫ് നഴ്സ്, സി.എച്ച്.സി) | 96,000/- | 750/- | 720/- | 30/- |
| | | | | ആകെ | 1,300/- |

2.തൊഴിൽനികുതി രജിസ്റ്റർ പ്രകാരം ചുവടെ ചേർക്കുന്ന ജീവനക്കാരിൽ നിന്നും 2018-19 രണ്ടാം പകുതിയിൽ, നിഷ്കർഷിച്ചിട്ടുള്ള നിരക്കിൽ നിന്നും കുറഞ്ഞ തുകയാണ് ഒടുക്കിയിരിക്കുന്നത്.

| നം. | പേര് | അർദ്ധ വാർഷിക വരുമാനം | ഈടാ ക്കേണ്ട നികുതി | ഈടാ ക്കിയ നികുതി | ഈടാക്കിയതിൽ കുറവ് വന്ന തുക |
|---|---|---|---|---|---|
| 1 | സോളമൻ (മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ്, പൂവാർ) | 44,400/- | 300/- | 0 | 300/- |
| | | | | ആകെ | 300/- |

തൊഴിൽ നികുതി ഇനത്തിൽ ആകെ 1,600/- (1300+300) രൂപയുടെ കുറവ് വന്നിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13/2020, 25/09/2020), കുറവ് വന്ന തുക ജീവനക്കാരിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

<u>ബി) തൊഴിൽ നികുതി- രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല.</u>

നികുതി ചുമത്താവുന്ന സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും പേര് വിവരങ്ങൾ അടങ്ങിയ അസ്സസ്മെന്റ് രജിസ്റ്റർ, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കീഴിൽ തൊഴിൽ നികുതി ഈടാക്കാനുള്ള മുഴുവൻ സ്ഥാപനങ്ങളും വ്യാപാരികളും കമ്പനികളും വ്യക്തികളും ഉൾപ്പെട്ട ഡിമാന്റ് രജിസ്റ്റർ, മുൻവർഷങ്ങളിൽ പിരിച്ചെടുക്കാതെ ബാക്കിയായ നികുതി കുടിശ്ശിക ഉൾപ്പെട്ട കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ 1996-ലെ കേരള പഞ്ചായത്തീരാജ് (നികുതി ചുമത്തലും അപ്പീലും) ചട്ടങ്ങൾ 5 പ്രകാരം സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഈ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്ന ഡിമാന്റ് രജിസ്റ്റർ, തൊഴിൽ നികുതി ഈടാക്കിയ സ്ഥാപനങ്ങളും വ്യക്തികളും മാത്രം ഉൾപ്പെട്ടതാണ്. അസ്സസ്മെന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.13/2020, 25/09/2020) ഈ രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

സി) തൊഴിൽ നികുതി- സ്ഥാപന മേധാവികൾ സമർപ്പിക്കുന്ന വരുമാന പത്രിക അപൂർണ്ണം

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(3) പ്രകാരം ഒരാൾക്ക് ഒരു അർദ്ധവർഷം വീട്ടുവാടക ഒഴികെയുള്ള എല്ലാ മാർഗങ്ങളിലും കൂടെയുള്ള ആകെ വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് തൊഴിൽ നികുതി നിർണ്ണയിക്കേണ്ടത്. എന്നാൽ, ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന മറ്റ് സ്ഥാപനങ്ങളുടെ ഓഫീസ് മേധാവികൾ സമർപ്പിക്കുന്ന വരുമാന പത്രിക അപൂർണ്ണമാണ് (ഉദാ: കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, എസ്.ബി.ഐ പൂവാർ ബ്രാഞ്ച്). പൂവാർ പോലീസ് സ്റ്റേഷൻ, പൂവാർ കോസ്റ്റൽ പോലീസ് സ്റ്റേഷൻ എന്നീ സ്ഥാപനങ്ങൾ വരുമാന പത്രിക സമർപ്പിച്ചിട്ടില്ല. 2018-19 സാമ്പത്തിക വർഷം ഈ സ്ഥാപനങ്ങൾ ഓൺലൈനായാണ് തൊഴിൽ നികുതി അടവാക്കിയതെന്നും വരുമാന പത്രിക ഹാജരാക്കുന്നതിന് ഈ സ്ഥാപനങ്ങൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 13/2020, 25/09/2020) മറുപടി ലഭ്യമാക്കി. തൊഴിൽ നികുതി അടവാക്കുന്നതിലെ കൃത്യത ഉറപ്പ വരുത്താൻ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന വരുമാന പത്രിക പൂർണമാണെന്ന് പഞ്ചായത്ത് ഉറപ്പ് വരുത്തേണ്ടതാണ്.

ഡി) റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

റേഷൻ കടകളെ തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവയിൽ നിന്നും ഒഴിവാക്കാൻ സാധിക്കില്ല എന്ന് സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22/01/2019 ലെ (സി.എസ്) എ9-764/2019 നമ്പർ കത്ത് പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 13/2020, 25/09/2020) തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.

മേൽ അപാകതകൾ പരിഹരിച്ച് തൊഴിൽ നികുതി ഇനത്തിൽ ലഭിക്കേണ്ട മുഴുവൻ തുകയും ബന്ധപ്പെട്ട സ്ഥാപനങ്ങൾ/വ്യക്തികളിൽ നിന്നും ഈടാക്കി തനതുവരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# 1-15 പെർമിറ്റ് അപേക്ഷാ ഫീസ്- ഈടാക്കിയതിൽ കുറവ് - 2,940/-രൂപ നഷ്ടപ്പെട്ടു.

പഞ്ചായത്തുകളിൽ ഭൂമി വികസന പെർമിറ്റ്, കെട്ടിടങ്ങളുടെ പെർമിറ്റ്, ക്രമവത്ക്കരണം എന്നിവയ്ക്ക് 20/- രൂപയും മൊബൈൽ ടവറുകൾക്ക് 1,000/-രൂപ നിരക്കിലും അപേക്ഷാ ഫീസ് ഈടാക്കേണ്ടതാണ്. എന്നാൽ റിലയൻസ് ജിയോ എന്ന സ്ഥാപനം 3ടവറുകളുടെ നിർമ്മാണ പെർമിറ്റ് ലഭിക്കുന്നതിനായി പഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷകളിൽ നിയമാനുസൃത ഫീസ് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ഖ 2-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-16 വസ്തുനികുതി ഒഴിവാക്കൽ -

## നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

2011- ലെ കേരള പഞ്ചായത്ത് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 24പ്രകാരം ഒരു കെട്ടിടം പൊളിച്ചു കളയുമ്പോൾ കെട്ടിട ഉടമ സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതും പൊളിച്ച് കളയുന്ന അർദ്ധ വർഷത്തിന്റെ അവസാനം വരെയുള്ള നികുതി ഒടുക്കേണ്ടതുമാണ്. എന്നാൽ 2018-19 വർഷത്തിൽ പഞ്ചായത്ത് വസ്തുനികുതിയിനത്തിൽ 4,04,244/-രൂപ (റെസിഡൻഷ്യൽ)ഇനത്തിലും 7,13,903/-രൂപ (നോൺ റെസിഡൻഷ്യൻ) ഇനത്തിലും കുറവ് ചെയ്തിട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഇത്തരത്തിൽ കുറവ് ചെയ്യുന്നതിനായി കക്ഷികളുടെ അപേക്ഷയോ, അതിൻ മേൽ നടത്തിയ പരിശോധന റിപ്പോർട്ടോ (ഫോറം-6), ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ തീരുമാനമോ 10/2020-നം അന്വേഷണകുറിപ്പിലൂടെ ആവശ്യപ്പെട്ടുവെങ്കിലും പരിശോധനയ്ക്ക് ഹാജരാക്കിയില്ല. പൊളിച്ചുകളയുന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ ചേർത്ത് സൂക്ഷിക്കുന്ന ഡെമോളിഷൻ രജിസ്റ്ററും ഹാജരാക്കിയില്ല. ആയതിനാൽ വസ്തുനികുതി കുറവ് ചെയ്തതിൻെറ ആധികാരിത ഉറപ്പ് വരുത്തുവാൻ സാധിച്ചിട്ടില്ല. ഇത്തരത്തിൽ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ വൻ കുറവിന് കാരണമാകും വിധം വസ്തുനികുതി എഴുതി തള്ളിയത് 2011-ലെ കേരള പഞ്ചായത്ത് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങൾക്ക് വിരുദ്ധമായതിനാൽ കൃത്യമായ വിശദീകരണം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-17 FTEAOS ലൈസൻസ് നൽകുന്നതിലെ അപാകതകൾ

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം FTEAOS ലൈസൻസ് അനുവദിക്കേണ്ടതാണ്. ഡിമാൻറ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി ഗ്രാമപഞ്ചായത്ത് സൂക്ഷിക്കേണ്ടതാണ്. എന്നാൽ, പഞ്ചായത്ത് സൂക്ഷിക്കുന്ന ഡിമാൻറ് രജിസ്റ്ററിൽ ലൈസൻസിന് അപേക്ഷിച്ച സ്ഥാപനങ്ങളുടെ ലിസ്റ്റ് മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ.
2. ഭാസുരം ഫ്യൂവൽസ് സ്ഥാപന ഉടമ ശ്രീമതി.പി.ആർ.സന്ധ്യാറാണി സമർപ്പിച്ച ഫയർ & റെസ്ക്യൂ സർട്ടിഫിക്കറ്റ് (നം. ബി 2413/16 തീയതി 04/06/2016) കാലാവധി 06/2018-ൽ അവസാനിക്കെ, ഈ സ്ഥാപനത്തിന് 2018-19 വർഷത്തേക്കുള്ള ലൈസൻസ് അനുവദിച്ചു.
3. ഹോട്ടൽ ന്യൂ മയൂഫ്കിംഗ്, കാനായ് ഹോട്ടൽ എന്നീ സ്ഥാപനങ്ങൾക്ക് FSSAI സർട്ടിഫിക്കറ്റ് ഇല്ലാതെ ലൈസൻസ് അനുവദിച്ചു.

4. എം.എച്ച്.കെ എക്സ്പോർട്ട്സ് ഉടമ ശ്രീമതി ഷീജ.എൻ സമർപ്പിച്ച ഡ്രഗ് ലൈസൻസ് സർട്ടിഫിക്കറ്റ് (നം.കെ.എൽ.റ്റി.വി.എം-1-33/21 ബി/2009) കാലാവധി 30/08/2018-ൽ അവസാനിക്കെ, സ്ഥാപനത്തിന് 2018-19 വർഷത്തേക്കുള്ള ലൈസൻസ് അനുവദിച്ചു.

5. വി.എസ്.ഹോളോബ്രിക്സ് സമർപ്പിച്ച Pollution Control Board സർട്ടിഫിക്കറ്റ് (നം.പി.ഒ.ബി/റ്റി.വി.എം- ഡി.ഒ/സി.ഒ- ആർ/429/2009) കാലാവധി 30/06/2018-ൽ അവസാനിക്കെ, ഈ സ്ഥാപനത്തിന് 2018-19 വർഷത്തേക്കുള്ള ലൈസൻസ് അനുവദിച്ചു.

6. അമ്മു മെഡിക്കൽസ് ഉടമ സമർപ്പിച്ച ഡ്രഗ് ലൈസൻസ് സർട്ടിഫിക്കറ്റ് (നം.എ5/960/2011/എ.ഡി.സി/റ്റി.വി.എം) കാലാവധി 25/06/2016-ൽ അവസാനിച്ചുവെങ്കിലും, ഈ സ്ഥാപനത്തിന് 2018-19 വർഷത്തേക്കുള്ള ലൈസൻസ് അനുവദിച്ചു.

മേൽ അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 14/2020, 25/09/2020) മറുപടി ലഭ്യമാക്കിയില്ല.

ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് FTEAOS ലൈസൻസ് നൽകേണ്ടതും ഈയിനത്തിൽ ലഭ്യമാക്കേണ്ട തുക പൂർണ്ണമായും പഞ്ചായത്തിന് ലഭ്യമാകുന്നു എന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 1-18 ചെക്ക് പ്രകാരമുള്ള തുക പഞ്ചായത്തിന് ലഭിച്ചിട്ടില്ല- നഷ്ടം 2700/- രൂപ

SBI own fund (A/c. No. 450210101) അക്കൗണ്ടിന്റെ റീ കൺസിലിയേഷൻ പത്രിക പ്രകാരം (മാർച്ച് 2019) 31.03.2014 ൽ റസീപ്റ്റ് വൗച്ചർ നം 11302500029 പ്രകാരമുള്ള 2,700/- രൂപ പഞ്ചായത്ത് ഫണ്ടിൽ നാളിതുവരെ ലഭിച്ചിട്ടില്ല. പ്രസ്തുത തുകയുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി തൊഴിൽ നികുതി ഇനത്തിൽ മുല്ലൂർ സർവ്വീസ് സഹകരണസംഘം ചെക്കായി നൽകിയ തുകയാണെന്നും ആയത് നാളിതുവരെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യാത്തതിനാൽ തുക ഒടുക്കുന്നതിന് സ്ഥാപനത്തിന് കത്ത് നൽകിയിട്ടുള്ളതായും അറിയിച്ചു. തുക തനത് ഫണ്ടിൽ മുതൽക്കൂട്ടുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-19 ഇ-ടെൻഡർ ഫോറത്തിന്റെ വില / ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2018-19 സാമ്പത്തിക വർഷം ഇ-ടെൻഡർ ചെയ്ത പദ്ധതികളുടെ വിവരങ്ങൾ, ടെണ്ടർ

ഫാറവിലയിനത്തിൽ ജില്ലാപഞ്ചായത്തിൽ നിന്നും തിരികെ ലഭിക്കുവാനുള്ള തുക എന്നിവ സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റ് എൻക്വയറി നം.23/2020(2) പ്രകാരം ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയില്ല. ടെണ്ടർ ഫാറവിലയിനത്തിൽ നാളിതുവരെ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ള തുക ഗ്രാമപഞ്ചായത്തിന് തിരികെ ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-20 വർക്കേഴ്സ് വെൽഫയർ ഫണ്ടായി ഈടാക്കിയ തുകയ്ക്ക് കളക്ഷൻ ചാർജ് ഈടാക്കിയില്ല

1996-ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ കളക്ഷൻ ചാർജ്ജായി തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. എന്നാൽ പഞ്ചായത്ത് നാളിതുവരെ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജായി തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല. 2018-19സാമ്പത്തിക വർഷം നടത്തിയ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്ന് വെൽഫയർ ഫണ്ടിനത്തിൽ ഈടാക്കി ഒടുക്ക് വരുത്തിയ 1,41,885/- രൂപക്ക് കളക്ഷൻ ചാർജ് ഈടാക്കാത്തത് കാരണം ഗ്രാമ പഞ്ചായത്തിന് 1,418/- രൂപയുടെ നഷ്ടമുണ്ടായി. വെൽഫയർ ഫണ്ടിനത്തിൽ ഈടാക്കുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജായി ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-21 അഡ്വക്കേറ്റുമാരിൽ നിന്നും ആദായനികുതി ഈടാക്കുന്നില്ല.

1961 ലെ ആദായനികുതി നിയമം വകുപ്പ് 194 ജെ പ്രകാരം സാമ്പത്തിക വർഷത്തിൽ 30,000/- രൂപയിലുമധികമായി നൽകുന്ന തുകയ്ക്ക് അഡ്വക്കേറ്റുമാരിൽ നിന്നും 10% നിരക്കിൽ ആദായനികുതി ഈടാക്കേണ്ടതാണ്. എന്നാൽ ആദായനികുതി ഈടാക്കാതെയാണ് ഗ്രാമപഞ്ചായത്ത് അഡ്വക്കേറ്റ് ഫീസ് നൽകി വരുന്നത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| അഡ്വക്കേറ്റ് | ചെക്ക് നം./തീയതി | തുക |
|---|---|---|
| വി.കെ. രാധാകൃഷ്ണൻ നായർ | 134074/23.02.2019 | 45,000/- |
| വിനോദ് സിങ് ചെറിയാൻ | 436413/13.08.2018<br>817120/04.01.2019 | 30,000/-<br>30,000/- |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.29/2020) തുടർന്ന് വക്കീൽ ഫീസിൽ നിന്നും നികുതി ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. സർക്കാരിന്റെ വിവിധ വകുപ്പുകൾക്ക് ഒടുക്കേണ്ടുന്ന നികുതി തുകകൾ കൃത്യമായി ഈടാക്കുന്നതിനും, ബന്ധപ്പെട്ട ഹെഡുകളിൽ ഒടുക്കുന്നതിനും ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-22 നിക്ഷേപ പ്രവൃത്തികൾ നടപ്പാക്കിയതുമായി ബന്ധപ്പെട്ട അപാകതകൾ - 13,85,017/-രൂപ തടസ്സപ്പെടുത്തുന്നു.

2018-19 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവഹണാധികാരിയായി ഗ്രാമപഞ്ചായത്ത് ചുവടെ ചേർക്കുന്ന പദ്ധതികൾക്കായി തുക നിക്ഷേപിച്ചിട്ടുണ്ട്.

| പ്രോ. നം., പേര് | അടങ്കൽ തുക, ഫണ്ടിനം | ചെലവ് തുക | ബിൽ നം/ തീയതി | നിർവഹണ ഏജൻസി |
|---|---|---|---|---|
| 108/19, വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ, ലൈൻ നീട്ടൽ | 2,13,632/- വികസന ഫണ്ട് | 2,12,559/- | 5/22.05.2018 | KSEB |
| 148/19 പതിനെട്ടാം നമ്പർ അംഗൻവാടി നിർമ്മാണം | 5,80,000/- ധനകാര്യ കമ്മിഷൻ അവാർഡ് | 5,80,000/- | 14/16.07.2018 | പൊതുമരാമത്ത് വകുപ്പ് |
| 170/19 വട്ടവിള വട്ടക്കയം റോഡിൽ പൈപ്പ് ലൈൻ നീട്ടൽ | 54,557/- ധനകാര്യ കമ്മിഷൻ അവാർഡ് | 54,557/- | 79/21.03.2019 | കെ.ഡബ്ല്യു.എ. |
| 5/19 വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ, ലൈൻ നീട്ടൽ | 6,00,000/- ധനകാര്യ കമ്മിഷൻ അവാർഡ് | 5,37,901/- | 8/23.06.18-127137<br>12/30.06.18-29007<br>22/30.7.18-46457<br>23/13.8.18-44634 | KSEB |

| | | | | |
|---|---|---|---|---|
| | | | 45/27.11.18-42710<br>56/16.1.19-19857<br>61/4.2.19-8099<br>74/13.3.19-92454<br>83/22.3.19-127546 | |
| ആകെ | | 13,85,017/- | | |

സ.ഉ.(എം.എസ്) നം.80/2017/ത.സ്വ.ഭ.വ. തീയതി 03.04.2017 ഖണ്ഡിക 14(ix) പ്രകാരം നിക്ഷേപ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുവാനുള്ള തുടർനടപടി സെക്രട്ടറി സ്വീകരിക്കേണ്ടതുണ്ട്. നിക്ഷേപ പ്രവൃത്തികൾക്കായി തുക നിർവഹണ ഏജൻസിക്കു കൈമാറുന്നതിനു മുൻപായി നിർവഹണ ഏജൻസിയുമായി കരാറിലേർപ്പെടേണ്ടതാണെങ്കിലും, ഗ്രാമപഞ്ചായത്ത് പ്രവൃത്തികൾക്കായി തുക കൈമാറിയ ശേഷമാണ് കരാർ ചമച്ചിട്ടുള്ളത്. (02.07.2019ൽ). കൂടാതെ, പ്രവൃത്തിയുടെ കാര്യക്ഷമമായ നിർവഹണം, പൂർത്തീകരണം എന്നിവ സംബന്ധിച്ച വ്യവസ്ഥകൾ അപൂർണ്ണമായാണ് കരാറിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചതായോ, അന്തിമ ബിൽ ലഭ്യമാക്കി തുക ക്രമീകരിച്ചതായോ ഫയലിൽ വ്യക്തമല്ല. മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നം.9, 24, 30) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തികളുടെ നിലവിലെ അവസ്ഥ വ്യക്തമല്ലാത്തതിനാലും, ഫൈനൽ ബിൽ, പൂർത്തീകരണ രേഖകൾ എന്നിവയുടെ അഭാവത്തിലും മേൽ പദ്ധതികൾ പ്രകാരമുള്ള ആകെ ചെലവു തുക 13,85,017/- രൂപ തടസ്സപ്പെടുത്തുന്നു.

# 1-23 ഘടക സ്ഥാപനങ്ങൾക്ക് ഫർണിച്ചർ - 92,543/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോ. നം. 110/19 ഘടക സ്ഥാപനങ്ങൾക്കാവശ്യമായ ഫർണിച്ചർ നൽകൽ

അടങ്കൽ തുക - 2,50,000/- ധനകാര്യ കമ്മിഷൻ അവാർഡ്

ചെലവു തുക - 2,49,023/-

നിർവഹണാധികാരി- സെക്രട്ടറി

ബിൽ നം. 78/21.03.2019 - 82,496/-

88/26.03.2019 - 73,984/-

84/25.03.2019 - 92,543/-

പദ്ധതി പ്രകാരം ചുവടെ ചേർക്കും പ്രകാരം ഫർണിച്ചർ വാങ്ങിയിട്ടുണ്ട്. എന്നാൽ ഇവയുടെ വിതരണരേഖകൾ പൂർണ്ണമായി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

| ഫർണിച്ചർ | വാങ്ങിയ എണ്ണം | വിതരണ രേഖകൾ ലഭ്യമായത് | വിതരണ രേഖകൾ ലഭ്യമല്ലാത്തത് |
|---|---|---|---|
| വലിയ അലമാര | 17 | 16 | 1 |
| ചെറിയ അലമാര | 8 | 7 | 1 |
| സ്റ്റീൽ ഡെസ്കുകൾ | 20 | 20 | - |

കൂടാതെ, ബിൽ നം. 84/25.03.2019 തുക 92,543/- മായി ബന്ധപ്പെട്ട ചെലവു രേഖകൾ, ബിൽ പകർപ്പ് എന്നിവ പരിശോധനക്കു ലഭ്യമാക്കിയില്ല. ഉപകരണങ്ങളുടെ പൂർണ്ണമായ വിതരണ രേഖകൾ, ബിൽ പകർപ്പുകൾ എന്നിവ ലഭ്യമാക്കുവാനറിയിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം. 9/24.09.2020) മറുപടി/രേഖകൾ ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ 92,543/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-24 മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ

പ്രോ. നം. 44/19 പഞ്ചായത്ത് മിനി സ്റ്റേഡിയത്തിൽ ലൈറ്റ് സ്ഥാപിക്കൽ

അടങ്കൽ തുക - 1,00,000/- ധനകാര്യ കമ്മിഷൻ അവാർഡ്

ചെലവു തുക - 99,980/-

ബിൽ നം. 86/26.03.2019 - 99,980/-

നിർവഹണാധികാരി - സെക്രട്ടറി

കരാറുകാരൻ - ശ്രീ. സുരേഷ്. റ്റി, എവൺ ഏജൻസീസ്

പദ്ധതിക്കായി മേൽ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും പദ്ധതിയുടെ പരിപാലനത്തിനായി നടപടികളൊന്നും തന്നെ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. പദ്ധതിക്കായി കരാറുകാരനുമായി നിയമാനുസൃത കരാറിലേർപ്പെട്ടിട്ടില്ല. ഹൈമാസ്റ്റ് / മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ പദ്ധതികൾക്കായി സ.ഉ.(അച്ചടി) നം.27/2017/ധന തീയതി 26.02.2017 പ്രകാരം സർക്കാർ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ പദ്ധതി നടത്തിപ്പിൽ പാലിച്ചിട്ടില്ല.

എ) മിനിമാസ്റ്റ് ലൈറ്റിന് പദ്ധതി പ്രകാരം ലഭ്യമാക്കിയിട്ടുള്ള 3 വർഷ റീപ്ലേസ്മെന്റ് വാറന്റി, തുടർന്ന് 3വർഷത്തെ എ.എം.സി. എന്നിവ ഉറപ്പാക്കേണ്ടിയിരുന്നുവെങ്കിലും, ഉപകരണങ്ങളുടെ വാറന്റി, എ.എം.സി. തുടങ്ങിയവ സംബന്ധിച്ച വിവരങ്ങളൊന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. കരാറുകാരൻ എഴുതി തയ്യാറാക്കിയിരിക്കുന്ന ബില്ലിൽ ഇതു സംബന്ധിച്ച വിവരങ്ങളില്ല.

ബി) പ്രവൃത്തികൾ പൂർത്തീകരിച്ചശേഷം നടപ്പിലാക്കിയ പ്രവൃത്തികൾ അംഗീകൃത സ്പെസിഫിക്കേഷൻ അനുസരിച്ചാണെന്നും, ഐ.എസ്.ഐ. അംഗീകൃത ഉപകരണങ്ങൾ ഉപയോഗിച്ചാണ നിർമ്മിച്ചിട്ടുള്ളതെന്ന് ഉറപ്പാക്കുന്നതിനും, ജില്ലാപഞ്ചായത്തു എക്സിക്യൂട്ടീവ് എഞ്ചിനീയർ രൂപീകരിച്ചിട്ടുള്ള സമിതിയിലെ ഇലക്ട്രിക്കൽ എഞ്ചീനീയർമാരുടെ പരിശോധനാ റിപ്പോർട്ട് തേടേണ്ടതുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തിയായതായി കരാറുകാരൻ സ്വയം അറിയിച്ചതിനെ തുടർന്നു സെക്രട്ടറി തുക അനുവദിച്ചിരിക്കുന്നു.

അപാകതകൾ സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം.16/25.09.2020) മറുപടി ലഭ്യമാക്കിയില്ല. പദ്ധതി തുക ഉപയോഗിച്ച് സ്ഥാപിച്ചിട്ടുള്ള ഉപകരണങ്ങളുടെ ഗുണമേന്മ, തുടർ പരിപാലനം എന്നിവ ഉറപ്പാക്കുന്നതിൽ നിർവഹണാധികാരി വീഴ്ച വരുത്തി. പദ്ധതിയുടെ പരിപാലനത്തിനു സർക്കാർ നിർദ്ദേശിച്ച പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും, കരാറുകാരനുമായി നിയമാനുസൃതമുള്ള വാറന്റി, എ.എം.സി. വ്യവസ്ഥകളുൾപ്പെടുത്തി കരാറിലേർപ്പെട്ട് രേഖകൾ ലഭ്യമാക്കേണ്ടതുമാണ്.

# 1-25 തെരുവ് വിളക്കു പരിപാലനം - പദ്ധതികളിലെ അപാകങ്ങൾ

തെരുവ് വിളക്കു പരിപാലനത്തിനായി ഗ്രാമപഞ്ചായത്ത് തൻവർഷം ധനകാര്യ കമ്മിഷൻ അവാർഡ് തുക ഉപയോഗിച്ച് സെക്രട്ടറി നിർവഹണാധികാരിയായി 4 പുതിയ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതികൾ | പ്രോ. നം. 112/19 തെരുവ് വിളക്കുകൾ സ്ഥാപിക്കൽ | പ്രോ. നം. 109/19 തെരുവ് വിളക്ക് മെയിന്റനൻസിന് ഉപകരണങ്ങൾ വാങ്ങൽ | പ്രോ. നം. 9/19 തെരുവ് വിളക്ക് മെയിന്റനൻസിന് ഉപകരണങ്ങൾ വാങ്ങൽ | പ്രോ. നം. 8/19 തെരുവ് വിളക്ക് മെയിന്റനൻസ് |
|---|---|---|---|---|
| അടങ്കൽ തുക | 4,95,000/- | 4,99,000/- | 4,99,000/- | 4,00,000/- |
| ചെലവു തുക | 4,95,000/- | 4,98,860/- | 4,98,981/- | 2,54,875/- |
| കരാറുകാരൻ | ശ്രീ.സുരേഷ്.റ്റി, എവൺ ഏജൻസീസ് | ശ്രീ.സുരേഷ് റ്റി, എവൺ ഏജൻസീസ് | ശ്രീ.സുരേഷ് റ്റി, എവൺ ഏജൻസീസ് | ശ്രീ.സുരേഷ്.റ്റി |

മേൽ പദ്ധതികളിലായി ആകെ 17,47,716/- രൂപ ഗ്രാമപഞ്ചായത്ത് വിനിയോഗിച്ചിട്ടുണ്ട്. 14,03,491/- രൂപ വൈദ്യുത ഉപകരണങ്ങളുടെ വാങ്ങലിനു വേണ്ടി മാത്രം വിനിയോഗിച്ചിട്ടുണ്ട്. പദ്ധതികളുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ) ജി.ഒ.(എം.എസ്)13/2015/ഐറ്റിഡി തീയതി 12.05.2015, സ.ഉ. (കൈ) നം. 11/2018/ തസ്വഭവ തീയതി 29.01.2018 എന്നിവ പ്രകാരം 5 ലക്ഷം രൂപയിലധികമുള്ള വാങ്ങലുകൾക്ക് ഇ ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടിയിരുന്നു. എന്നാൽ ഇ ടെണ്ടർ നടപടികൾ സ്വീകരിക്കാതെയാണ് ഗ്രാമപഞ്ചായത്ത് പദ്ധതികൾക്കായുള്ള വാങ്ങലുകൾ നടത്തിയിരിക്കുന്നത്.

ബി) സമാന സ്വഭാവമുള്ള പദ്ധതികൾ ഏക പദ്ധതിയായി നടപ്പാക്കേണ്ടതിനു പകരം, വ്യത്യസ്ത പദ്ധതികളായി നടപ്പാക്കി.

സി) മേൽ പദ്ധതികളുടെ കരാറുകാരനുമായി നിയമാനുസൃത വ്യവസ്ഥകളുൾപ്പെടുത്തി കരാർ ചമച്ചിട്ടില്ല. കരാർ വ്യവസ്ഥകൾ രേഖപ്പെടുത്താതെയും, കരാറുകാരൻ പോലും ഒപ്പിടാതെയും മുദ്രപത്രം ഫയലിൽ സൂക്ഷിച്ചിരിക്കുന്നു. (സർക്കുലർ നം. 3055/ഡിഎ3/2011/തസ്വഭവ തീയതി 15.09.2011).

ഡി) തെരുവ് വിളക്കു മെയിന്റനൻസ് പദ്ധതികൾക്ക് കരാറെടുക്കുന്ന സ്ഥാപനത്തിൽ നിന്നും കരാർ തുകയുടെ 10% സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കേണ്ടിയിരുന്നു. കൂടാതെ പ്രവൃത്തി ബില്ലുകളിൽ നിന്നും 10% റീടെൻഷൻ ആയും ഈടാക്കേണ്ടിയിരുന്നു. ഗ്രാമപഞ്ചായത്ത് കരാറുകാരനിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റോ, ബില്ലുകളിൽ നിന്നും റീടെൻഷനോ ഈടാക്കിയിട്ടില്ല. (സർക്കുലർ നം. 177/ഡിഎ3/2016/തസ്വഭവ തീയതി 07.11.17).

ഇ) പദ്ധതികൾ പ്രകാരം വാങ്ങിയിട്ടുള്ള തെരുവ് വിളക്ക് ഉപകരണങ്ങളുടെ ഗുണമേന്മ ഉറപ്പാക്കുന്നതിനു പരിശോധനാ നടപടികൾ സ്വീകരിച്ചിട്ടില്ല.

എഫ്) തെരുവ് വിളക്കുകളുടെ ഉപകരണങ്ങളുടെ വിവരം രേഖപ്പെടുത്തുന്നതിനു stock in രജിസ്റ്റർ നിലവിലുണ്ടെങ്കിലും, വിതരണ വിവരം ഉൾപ്പെടുത്തിയിട്ടില്ല. സർവീസ് ചെയ്യാൻ കഴിയാത്ത ഉപകരണങ്ങളുടെ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ജി) മേൽ പദ്ധതികളുടെ സേവന ഭാഗത്തിന് ഇൻകം ടാക്സ് ആക്ട് സെക്ഷൻ 194(c) പ്രകാരമുള്ള നിരക്കിൽ ആദായനികുതി ഈടാക്കിയില്ല. വിശദാംശങ്ങൾ ചുവടെ.

| പ്രോ. നം. | ലഭ്യമായ സേവനം | സേവനത്തിനു അനുവദിച്ച ചെലവ് | സേവനം ലഭ്യമാക്കിയ ഏജൻസി / വ്യക്തി | ഈടാക്കേണ്ടിയിരുന്ന നികുതി |
|---|---|---|---|---|
| 112/19 തെരുവ് | സിംഗിൾ ട്യൂബ് | 75,683/- | എ1 | 1,514/- |

| | | | | |
|---|---|---|---|---|
| വിളക്കുകൾ സ്ഥാപിക്കൽ | സെറ്റുകൾ സ്ഥാപിച്ചത് | | ഏജൻസീസ് | |
| 8/19 തെരുവ് വിളക്കു മെയിന്റനൻസ് | റിപ്പയറിംഗിന പോസ്റ്റ് ഒന്നിന 75 രൂപ നിരക്കിലും, വാഹന വാടകയും | 2,54,875/- | ശ്രീ.സുരേഷ്.റ്റി | 2,549/- |
| ആകെ | | | | 4,063/- |

മേൽ അപാകതകൾ ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 25/28.09.2020) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, കുറവു വന്ന നികുതി തുക കരാറുകാരനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ഹെഡുകളിൽ ഒടുക്കിയതിനുള്ള രേഖകൾ ലഭ്യമാക്കേണ്ടതുമാണ്.

# 1-26 വി ഇ ഒ – അക്കൗണ്ട് ക്ലോസ് ചെയ്തിട്ടില്ല, നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

വി.ഇ.ഒ. യുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, പൂവാർ ബ്രാഞ്ചിൽ (അക്കൗണ്ട് നം. 57048287906) നിലവിലുള്ള അക്കൗണ്ടിന്റെ പാസ്ബുക്കിൽ 25.06.2018 ലെ നീക്കിയിരിപ്പായി 1,64,308/- രൂപ ഉണ്ട്. പ്രസ്തുത അക്കൗണ്ടിൽ ഏതൊക്കെ ആവശ്യത്തിലേയ്ക്കുള്ള/സ്കീമുകൾക്കായുള്ള തുക/ഫണ്ടുകളാണ് നിക്ഷേപിച്ചിട്ടുള്ളത്, നീക്കിയിരിപ്പുള്ള തുകയുടെ വിശദാംശങ്ങൾ (ഏതൊക്കെ ഗുണഭോക്താക്കൾക്കാണ് തുക നൽകാൻ അവശേഷിക്കുന്നത്, പേര്, തുക, പദ്ധതിയുടെ പേര് ഉൾപ്പെടെ) എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20 തീയതി 25/09/2020) മറുപടി ലഭ്യമാക്കിയിട്ടില്ല.

ദാരിദ്ര്യലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറുടെ 12.04.2019ലെ എ5/574/19 പി എ യു നമ്പർ കത്തിൽ വി.ഇ.ഒ. മാരുടെ ബാങ്ക് അക്കൗണ്ടുകളിൽ അവശേഷിക്കുന്ന നിഷ്ക്രിയ തുകകൾ അടിയന്തിരമായി പിൻവലിച്ച് യഥാവിധി ക്രമീകരിക്കേണ്ടതും അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതുമാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ പരാമർശിച്ച അക്കൗണ്ട് നിലവിൽ ക്ലോസ് ചെയ്യാതെ സൂക്ഷിച്ചിരിക്കുകയാണ്.

സർക്കാർ നിർദ്ദേശത്തിനനുസരിച്ച് അക്കൗണ്ട് ക്ലോസ് ചെയ്ത് മതിയായ വിശദീകരണം സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-27 പി.എം.എ.വൈ. വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല -

# 7,82,400/-രൂപ തടസ്സപ്പെടുത്തുന്നു

വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായ പി.എം.എ.വൈ. വിഹിതം നൽകൽ എന്ന പദ്ധതിയ്ക്ക് ചുവടെ ചേർത്തിരിക്കുന്ന പ്രകാരം തുക പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിനു കൈമാറിയിട്ടുണ്ട്.

| ക്രമ | പ്രോജക്റ്റ് നം | ചെലവ് തുക/ ഫണ്ട് | ബിൽ നം തീയതി |
|---|---|---|---|
| 1 | 40/19 | 1,66,000/- എസ്.സി. | 5/30.10.18 |
| 2 | 36/19 | 1,00,000/- വികസന ഫണ്ട് | 10/29.10.18 |
| 3 | 166/19 ജനറൽ | 5,16,400/- വികസന ഫണ്ട് | 11/9.10.18 |
| | ആകെ | 7,82,400/- | |

ഒന്നിലധികം തദ്ദേശഭരണ സ്ഥാപനങ്ങൾ സംയുക്ത പദ്ധതി നടപ്പാക്കുമ്പോൾ സ്വീകരിക്കേണ്ട നടപടികൾ G.O(ms).No.72/17/lsgd dtd.29.03.2017 para.6.5, G.O(P).07/2017/fin dtd.23.01.2017 പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പദ്ധതിരേഖ തയ്യാറാക്കുന്നതിനു മുൻപ് സ്ഥാപനങ്ങൾ തമ്മിൽ ചർച്ച ചെയ്യേണ്ടതും കരാറിൽ ഏർപ്പെടേണ്ടതുമുണ്ട്. പ്രസ്തുത നടപടികളൊന്നും സ്വീകരിക്കാതെയാണ് പദ്ധതിക്കായി ബ്ലോക്ക് പഞ്ചായത്തിനു തുക കൈമാറിയിട്ടുള്ളത്. പദ്ധതിക്കായി ഗുണഭോക്താക്കളുടെ ലിസ്റ്റ്, തുകയുടെ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടുമില്ല. ഓഡിറ്റ് എൻക്വയറി 19ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടേയും അനുബന്ധ രേഖകളുടെയും അഭാവത്തിൽ ചെലവഴിച്ച തുക 7,82,400/-രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

# 1-28 മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് നൽകൽ - വാങ്ങൽ നടപടികളിലെ അപാകങ്ങൾ

പ്രോ. നം. 180/19 മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് നൽകൽ

അടങ്കൽ തുക - 5,40,000/- വികസന ഫണ്ട്

ചെലവ് തുക - 5,40,000/-

നിർവഹണാധികാരി - സബ് ഇൻസ്പക്ടർ ഓഫ് ഫിഷറീസ്

പദ്ധതി പ്രകാരം ലാപ്ടോപ്പ് വിതരണം ചെയ്യുന്നതിലേക്കായി 18 വിദ്യാർത്ഥികൾക്ക് 30,000/- രൂപ വീതം ചെലവഴിച്ചിട്ടുണ്ട്. നേരിട്ടുള്ള നിർവഹണത്തിനാണ് പദ്ധതിപ്രകാരം അംഗീകാരം ലഭിച്ചിരുന്നതെങ്കിലും കെ.എസ്.ഐ.ഇ. മുഖാന്തിരമാണ് ലാപ്ടോപ്പുകൾവാങ്ങി വിതരണം ചെയ്തിട്ടുള്ളത്.

ജി.ഒ.(എം.എസ്)13/2015/ഐറ്റിഡി തീയതി 12.05.2015, സ.ഉ. (കൈ) നം.11/2018/ തസ്വഭവ തീയതി 29.01.2018 എന്നിവ പ്രകാരം 5 ലക്ഷം രൂപയിലധികമുള്ള വാങ്ങലുകൾക്ക് ഇ ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടിയിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് പ്രസ്തുത വാങ്ങലിന് ഇ ടെണ്ടർ നടപടികൾ സ്വീകരിക്കുകയോ, GEM മുഖാന്തിരമുള്ള വാങ്ങലിനുള്ള സാധ്യതകൾ പരിശോധിക്കുകയോ ചെയ്തില്ല.

പദ്ധതി പ്രകാരമുള്ള വാങ്ങലിനായി പുറപ്പെടുവിച്ചിട്ടുള്ള ടെണ്ടർ നോട്ടീസുകൾ, ടെണ്ടർ പ്രകാരം ആവശ്യപ്പെട്ട ഉപകരണങ്ങളുടെ സ്പെസിഫിക്കേഷൻ തുടങ്ങിയ രേഖകൾ പരിശോധനക്ക് ലഭ്യമായില്ല. കെ.എസ്.ഐ.ഇ. ലഭ്യമാക്കിയ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ലാപ് ടോപ്പ് വാങ്ങി വിതരണം ചെയ്യുകയാണ് ഉണ്ടായത്.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/25.09.2020) മറുപടി ലഭ്യമാക്കിയില്ല. ലാപ്ടോപ്പ് വാങ്ങൽ നടപടികളിലെ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 1-29 പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങൽ -പ്ലാൻ ഫണ്ട് നഷ്ടം 5300/-

പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ പദ്ധതിയിൽ ജി.എസ്.ടി തെറ്റായി കണക്കാക്കി നൽകിയതുമൂലം അധികം തുക അനുവദിച്ചു. വിശദാംശങ്ങൾക്ക് ഖ. 3-1 കാണുക.

# 1-30 പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ - പദ്ധതി നടത്തിപ്പിലെ അപാകതകൾ.

പദ്ധതി: പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ (S0026/19)

അടങ്കൽ : 7,00,000/-രൂപ (വികസന ഫണ്ട്)

ചെലവ് : 6,31,106/-രൂപ.

| ക്രമ നം. | ബിൽ നം. | തുക | തീയതി |
|---|---|---|---|
| 1 | 5/2018-19 | 67,590/- | 1/11/2018 |
| 2 | 10/2018-19 | 90,665/- | 15/3/2019 |
| 3 | 1/2018-19 | 1,71,526/- | 30/7/2018 |
| 4 | 4/2018-19 | 33,680/- | 23/8/2018 |
| | | | |

| | | | |
|---|---|---|---|
| 5 | 7/2018-19 | 2,67,645/- | 18/12/2018 |

നിർവ്വഹണ ഉദ്യോഗസ്ഥൻ :മെഡിക്കൽ ഓഫീസർ (സി.എച്ച്.സി).

ഹോംകെയർ പരിചരണ സംവിധാനം സംബന്ധിച്ച മാർഗ്ഗരേഖ സ.ഉ.(സാധാ)3217/15/ ത.സ്വ.ഭ.വ, 29.10.15 ഖണ്ഡിക 2.3.2 അനുസരിച്ച് ഓരോ ഗ്രാമപഞ്ചായത്ത്/നഗരസഭാ സ്ഥാപനവും സാമ്പത്തിക വർഷാരംഭത്തിന് മുമ്പ് പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതും, രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിലോ ആവശ്യാനുസരണം യോഗം ചേർന്ന് പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതും, രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിലോ ആവശ്യാനുസരണം യോഗം ചേർന്ന് പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതുമാണ്. ഇത്തരത്തിൽ കൂടിയ കമ്മിറ്റികളുടെ മിനിട്സ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. കൂടാതെ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ട് കൊണ്ട് പോകുന്നതിനായി രൂപീകരിച്ച പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി (പി.ഐ.സി. ഖ.2.4.1)യുടെ മിനിട്സും ഹാജരാക്കിയില്ല. ആയതിനാൽ പദ്ധതിയുടെ പ്രവർത്തനങ്ങളെ വിലയിരുത്താൻ സാധിച്ചിട്ടില്ല. മേൽ പദ്ധതി നടത്തിപ്പിലെ മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

<u>1) 52,305/- രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല.</u>

ഓഡിറ്റിന് സമർപ്പിച്ച ഫയൽ/രേഖകൾ പ്രകാരം 15/3/2019 ലെ 10/2018-19-ാം നമ്പർ ബിൽ പ്രകാരം പിൻവലിച്ച തുകയിൽ നിന്നും ചുവടെ ചേർത്തിരിക്കുന്ന ചെലവ് നടത്തിയിട്ടുണ്ട്.

| ക്രമ നം. | ഇനം | തുക |
|---|---|---|
| 1 | വെഹിക്കിൾ ഹയറിംഗ് | 1,905/- |
| 2 | നേഴ്സ് ശമ്പളം (ഡിസംബർ, ജനുവരി) | 30,000/- |
| 3 | ബാനർ പ്രിന്റിംഗ് | 2,600/- |
| 4 | ഫുഡ് ചാർജ്ജ് ഫോർ കുടുംബ സംഗമം | 17,800/- |
| | ആകെ | 52,305/- |

എന്നാൽ മേൽ ചിലവുകൾ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. ആയതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 27 ന് മറുപടി ലഭ്യമാക്കിയില്ല. ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ 52,305/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

2. <u>രജിസ്റ്ററുകൾ ഹാജരാക്കിയിട്ടില്ല</u>

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും നടപ്പാക്കുന്നതിനുള്ള സ.ഉ(സാധാ)നം 3217/2015/തസ്വഭവ, തീയതി :29/10/2015 അനുസരിച്ചുള്ള മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്ന രജിസ്റ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

1. നോമിനൽ രജിസ്റ്റർ (പരിചരണം നൽകേണ്ടതായ രോഗികളുടെ വിശദാംശം.)
2. ഫോളോ അപ്പ് ഹോം കെയർ രജിസ്റ്റർ.
3. ഹോം കെയർ പ്ലാനിംഗ് രജിസ്റ്റർ.
4. ഹോം കെയർ റിപ്പോർട്ട് ബുക്ക്.
5. ഇവന്റ്സ് ഡയറി.
6. മെഡിസിൻ സ്റ്റോക്ക് രജിസ്റ്റർ.
7. പേഷ്യൻസ് സ്റ്റാറ്റസ് രജിസ്റ്റർ
8. വാളണ്ടിയർ രജിസ്റ്റർ
9. സ്റ്റാഫ് & വാളണ്ടിയർ അറ്റൻഡൻസ് രജിസ്റ്റർ

ചെലവ് രേഖകളും രജിസ്റ്ററുകളും ഹാജരാക്കാത്തതിനാൽ പദ്ധതിയുടെ പ്രയോജനം സാധാരണക്കാരായ രോഗികൾക്ക് ലഭ്യമായത് സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. മേൽ ചെലവ് രേഖകൾ ഹാജരാക്കേണ്ടതും പാലിയേറ്റീവ് കെയർ പദ്ധതിയുടെ പ്രവർത്തനത്തിൽ സർക്കാർ മാർഗ്ഗരേഖ പാലിക്കേണ്ടതും പ്രവർത്തനം ഭരണ സമിതി വിലയിരുത്തേണ്ടതുമാണ്.

# 1-31 സാമൂഹ്യ സുരക്ഷ പെൻഷനുകൾ അനുവദിക്കുന്നതിൽ കാലതാമസം

സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്ക് അപേക്ഷ ലഭിച്ചാൽ അർഹതയുള്ളവർക്ക് കൃത്യ സമയത്ത് അനുവദിച്ചു നൽകേണ്ടതാണ്.

പഞ്ചായത്ത് ഡയറക്ടറുടെ 28/9/2019 തീയതിയിലെ PAN/2021/2021/2019-DBT-1(DP) നം. സർക്കുലർ പ്രകാരം, പെൻഷൻ അപേക്ഷ ലഭിച്ച് 40 ദിവസത്തിനകം തീരുമാനമെടുത്ത് അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതും, പെൻഷൻ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിൽ സമയപരിധി നിർബന്ധമായും പാലിക്കേണ്ടതും, തികച്ചും അർഹരായവർക്ക് മാത്രമാണ് പെൻഷൻ ലഭിയ്ക്കുന്നത് എന്ന് അന്വേഷണ ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതുമാണ്. എന്നാൽ പെൻഷൻ അനുവദിക്കുന്നതിൽ ആറു മാസത്തിലധികം കാലതാമസം ഉണ്ടായിയിട്ടുണ്ട്. ഉദാഹരണമായി വാർദ്ധക്യ പെൻഷന് വേണ്ടി ശ്രീമതി ഉഷകുമാരി 25/5/2018-ൽ അപേക്ഷ നൽകിയെങ്കിലും 11/2/2019 ലാണ് പെൻഷൻ അനുവദിച്ചിരിക്കുന്നത്. സുരക്ഷാ പെൻഷനുകൾ അനുവദിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-32 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-അവലോകനം

ഓരോ ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തെ അവിദഗ്ധ തൊഴിൽ ദിനങ്ങൾ ആവശ്യാധിഷ്ഠിതമായി പ്രദാനം ചെയ്യുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പൂവാർ ഗ്രാമ പഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തിൽ 649 പ്രവൃത്തികൾക്കായി 7,09,78,000/- രൂപ എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ, 261 പ്രവൃത്തികൾ പൂർത്തീകരിച്ചതിലൂടെ തൊഴിൽ ആവശ്യപ്പെട്ടിരുന്ന 2202 പേരിൽ 277 പേർക്ക് മാത്രമാണ് 100 തൊഴിൽ ദിനങ്ങൾ നൽകാൻ കഴിഞ്ഞിട്ടുള്ളത്. മെറ്റീരിയൽ വർക്ക്സ് ഉൾപ്പെടെ കൂടുതൽ തൊഴിൽ ദിനങ്ങൾ നല്കാൻ കഴിയുന്ന പ്രവൃത്തികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# <u>ഭാഗം -2</u>

# <u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

### [<u>KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം</u>]

## 2-1 പെർമിറ്റ് അപേക്ഷാ ഫീസ്- ഈടാക്കിയതിൽ കുറവ് - 2940/-രൂപ നഷ്ടപ്പെട്ടു.

പഞ്ചായത്തുകളിൽ ഭൂമി വികസന പെർമിറ്റ്, കെട്ടിടങ്ങളുടെ പെർമിറ്റ്, ക്രമവത്ക്കരണം എന്നിവയ്ക്ക് 20 രൂപയും മൊബൈൽ ടവറുകൾക്ക് കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ചട്ടം 130 പ്രകാരം 1,000/-രൂപ നിരക്കിലും അപേക്ഷാ ഫീസ് ഈടാക്കേണ്ടതാണ്. എന്നാൽ റിലയൻസ് ജിയോ എന്ന സ്ഥാപനം 3ടവറുകളുടെ നിർമ്മാണ പെർമിറ്റ് ലഭിക്കുന്നതിനായി പഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷളിൽ നിയമാനുസൃത ഫീസ് ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| സീരിയൽ നം | ഫയൽനം | രസീത് നം | ഈടാക്കിയ അപേക്ഷാ ഫീസ് | ഈടാ ക്കേണ്ട തുക |
|---|---|---|---|---|
| 217 | A3- | 118020100487 | 20/- | 1,000/- |

| | | | | |
|---|---|---|---|---|
| | 2055/2018 | തിയതി 10-5-18 | | |
| 218 | ,, | 118020100488 തിയതി-10-5-18 | 20/- | 1,000/- |
| 219 | ,, | 118020100489 തിയതി-10-5-18 | 20/- | 1,000/- |

മൂന്ന് അപേക്ഷളിലായി 3000/-രൂപ അപേക്ഷാ ഫീസായി ഈടാക്കേണ്ടതിന് പകരം 60/-രൂപ മാത്രമാണ് ഈടാക്കിയത്. ഇത് സംബന്ധിച്ച് 22.09.2020 ൽ നൽകിയ അന്വേഷണകുറിപ്പ് 1/23.09.2020-നുള്ള മറുപടിയിൽ മേൽ അപേക്ഷളിൽ 20/-രൂപ വീതമാണ് ഈടാക്കിയതെന്ന് വ്യക്തമാക്കി. പഞ്ചാത്തിന്റെ തനതു വരുമാനത്തിൽ 2,940/-രൂപയുടെ നഷ്ടം സംഭവിച്ചിട്ടുള്ളതിനാൽ ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും തുക ഈടാക്കേണ്ടതും അല്ലാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും തുക ഈടാക്കി അറിയിക്കേണ്ടതുമാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ -പ്ലാൻ ഫണ്ട് നഷ്ടം 5,300/- രൂപ

പ്രോജക്ടിന്റെ പേര് - പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ (സ്പിൽ ഓവർ )

അടങ്കൽ - 4,00,000/- ( പൊതുവിഭാഗം -എസ്. സി. പി)

ചെലവ് - 1,63,590/-

ബിൽ നം - 3/25.05.18

പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ എന്ന പ്രോജക്ട് പ്രകാരം 41 സൈക്കിളുകൾ A1 Agency, Kakkavila എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി വിതരണം ചെയ്തു.

പ്രൊക്വയർമെന്റ് കമ്മിറ്റി മിനിട്സ് പ്രകാരം (തീയതി 22.01.2018 ) ലഭിച്ച ക്വട്ടേഷനുകളിൽ നിന്നും കുറഞ്ഞ തുക ക്വാട്ട് ചെയ്ത A1 Agency, Kakkavila എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ

അംഗീകരിച്ചിട്ടുണ്ട്. (പ്രസ്തുത തീരുമാനം അംഗീകരിച്ച ഭരണ സമിതി തീരുമാനം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല)

സൈക്കിളുകൾ ലഭ്യമാക്കിയ A1 Agency, Kakkavila എന്ന സ്ഥാപനത്തിന് ജി.എസ്.ടി. ഇനത്തിൽ 5,300/- രൂപ അധികം നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| വാങ്ങിയ സൈക്കിളുകളുടെ എണ്ണം | ആകെ വില (@3271.8) | ജി.എസ്.ടി (ബിൽ പ്രകാരം 18%) | | ബില്ലിനത്തിൽ ആകെ | | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| | | നൽകിയ തുക | നൽകേണ്ട തുക | നൽകിയ തുക | നൽകേണ്ട തുക | |
| 41 | 1,34,144.00 | 29,446.20 | 24,146.00 | 1,63,590.00 | 1,58,290.00 | 5,300.00 |

ജി.എസ്.ടി തുക തെറ്റായി കണക്കാക്കി ബില്ലിനത്തിൽ അധികം നൽകിയ 5,300/- രൂപ തിരികെ അടവാക്കേണ്ടതാണ്.

ഇപ്രകാരം അധിക നിരക്കിൽ ജി.എസ്.ടി. തുക സ്ഥാപനത്തിന് അനുവദിക്കാനുണ്ടായ കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/06.10.2020). സൈക്കിൾ വാങ്ങിയപ്പോൾ ബിൽ പ്രകാരമുള്ള എല്ലാതുകയും നൽകിയിട്ടുണ്ടെന്ന മറുപടിയാണ് ലഭ്യമാക്കിയത്. പ്രസ്തുത മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. സ്ഥാപനവുമായി ബന്ധപ്പെട്ട് യഥാർത്ഥ GST തുക (സൈക്കിളിന്റെ ബ്രാന്റ് അനുസരിച്ച്) കണക്കാക്കി അധികം നല്കിയത് തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

A1 Agency, Kakkavila ലഭ്യമാക്കിയ ബില്ലിൽ (GSTIN32BATPT8308LIZZ) ജി.എസ്.ടി. ഇനത്തിൽ തുക ഈടാക്കിയിട്ടുണ്ടെങ്കിലും ബില്ലിനമായ സൈക്കിളിന്റെ HSN code രേഖപ്പെടുത്തിയിട്ടില്ല. സൈക്കിളിന് ജി.എസ്.ടി. ഇനത്തിൽ 12% നികുതി ആണ് ബാധകം (Bicycles And Other Cycles (Including Delivery Tricycles), Not Motorised)HSN code 8712) . എന്നാൽ ബില്ലിൽ 18% ആണ് ജി.എസ്.ടി. ആയി ഈടാക്കിയിരിക്കുന്നത്. ഭാവിയിൽ GST ഉൾപ്പെടെയുള്ള ബില്ലുകളിലെ തുക കരാറുകാരന് നൽകുമ്പോൾ ബില്ലിൽ HSN കോഡ് രേഖപ്പെടുത്തി അനുവദനീയമായ നിരക്കിലെ GST ആണോ claim ചെയ്തിട്ടുള്ളതെന്നും നിർവഹണ ഉദ്യോഗസ്ഥ ഉറപ്പാക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| | | |

| | | |
|---|---|---|
| | പരിശോധിച്ച തീയതി | |
| 2018-19 | 23.05.2019 മുതൽ 24.05.2019 വരെ | കെ.എസ്.എ.റ്റി.വി.എം./ജി.പി1/952/2019, 14.06.2019 |

# 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 30240 | കിണർ റീചാർജ്ജിംഗ് | 30240 | 0 |
| | | 3200 | കിണർ റീചാർജ്ജിംഗ്(എസ്.സി.) | 3200 | 0 |
| | | 36000 | ജൈവസമൃദ്ധി - തരിശുഭൂമി കൃഷി യോഗ്യമാക്കൽ | 36000 | 0 |
| | | 821880 | ലൈഫ് ഭവന പദ്ധതി | 821880 | 0 |
| | | 249375 | സ്നേഹസ്പർശം മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 249375 | 0 |
| | | 262570 | ലൈഫ് ഭവന പദ്ധതി (എസ്.സി.) | 262570 | 0 |
| | | 100000 | ക്ഷീര സമൃദ്ധി | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 51840 | കിണർ റീചാർജ്ജിംഗ് | 38880 | 12960 |
| | | 2400 | കിണർ റീചാർജ്ജിംഗ്(എസ്.സി.) | 2400 | 0 |
| | | 36000 | ജൈവസമൃദ്ധി - തരിശുഭൂമി കൃഷി യോഗ്യമാക്കൽ | 36000 | 0 |
| | | 154000 | വീടുകൾ ഹരിത ഭവനങ്ങളാക്കൽ | 154000 | 0 |
| | | 996107 | ലൈഫ് ഭവന പദ്ധതി | 996107 | 0 |
| | | 249375 | സ്നേഹസ്പർശം മാനസിക വെല്ലുവിളി നേരിടുന്ന | * 249375 | 0 |

| | | | | | |
|---|---|---|---|---|---|
| | | | കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | | |
| | | 674489 | ലൈഫ് ഭവന പദ്ധതി (എസ്.സി.) | 596055 | 78434 |
| | | 20400 | സമഗ്ര നെൽകൃഷി വികസനം | 0 | 20400 |
| ജില്ലാ, ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് നീക്കിയിരിപ്പ് വിശദാംശങ്ങൾക്ക് ഖണ്ഡിക 1-12 കാണുക.<br>* സുലേഖ പത്രികയും പ്രസ്തുത തുക ഗ്രാമപഞ്ചായത്ത് വിഹിതമായി തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. | | | | | |

# 4-3 നിക്ഷേപ പ്രവൃത്തികൾക്കു നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | കെ.എസ്. ഇ.ബി | വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ, ലൈൻ നീട്ടൽ | 5,37,901 | 0 | 5,37,901 |
| 2 | കെ.എസ്. ഇ.ബി | വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ, ലൈൻ നീട്ടൽ | 2,12,559 | 0 | 2,12,559 |
| 3 | കെ.ഡബ്ല്യു. എ. | വട്ടവിള വട്ടക്കയം റോഡിൽ പൈപ്പ് ലൈൻ നീട്ടൽ | 54,557 | 0 | 54,557 |
| 4 | പി.ഡബ്ല്യൂ.ഡി. | 18-ാം നമ്പർ അംഗൻവാടി നിർമ്മാണം വാർഡ് – XV- വിഹിതം നൽകൽ | 5,80,000/- | 0 | 5,80,000/- |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം. എസ് ഭവന പദ്ധതി | സ.ഉ. (എം.എസ്) നം. 209/2009 തസ്വഭവ തീയതി 07.11.2009 | 10990500 | 884944 | 0 | 0 | 884944 |
| കെ.യു.ആർ.ഡി. എഫ്.സി | സ.ഉ. (എം.എസ്) നം. 2278/ തസ്വഭവ തീയതി 18.08.2018 | 12800000 | 0 | 0 | 0 | 12800000 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

| ക്രമ നം | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/ തീയതി |
|---|---|---|---|---|---|
| 1 | 2016-17 | 2-2 | 2500 | ലയോള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോമേഴ്സ് | 118020100076/ 9.04.18 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,60,35,836/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,87,74,769/- |
| വരവിനങ്ങളിലുള്ള നഷ്ടം | 2,940/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5,300/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 23,12,265/- |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 2,940/- | -- | ശ്രീ. സന്തോഷ് കുമാർ റ്റി, സെക്രട്ടറി |
| 3-1 | -- | 5,300/- | ശ്രീമതി ശോഭന, ഹെഡ്മിസ്ട്രസ്സ് |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 13,85,017/- | ശ്രീ. സന്തോഷ് കുമാർ റ്റി, സെക്രട്ടറി |
| 1-23 | 92,543/- | ശ്രീ. സന്തോഷ് കുമാർ റ്റി, സെക്രട്ടറി |
| 1-27 | 7,82,400/- | ശ്രീ. എ. അനൂപ്കുമാർ, വി.ഇ.ഒ. |
| 1-30(1) | 52,305/- | ഡോ.ജവഹർ, മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) |
| ആകെ | 23,12,265/- | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(എഫ്) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ</u>

<u>സ്ഥിരം മേൽവിലാസങ്ങൾ</u>

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീ. സന്തോഷ് കുമാർ റ്റി, സെക്രട്ടറി | - | സന്തോഷ് ഭവൻ, റ്റി.സി.3/300 സി.പി. നഗർ, മുട്ടട പി.ഒ. |
| 2 | ശ്രീമതി ശോഭന, ഹെഡ്മിസ്ട്രസ്സ് | വിരമിച്ചു | ഡി.എസ്. ഭവൻ, എസ്.എൻ.ഡി.പി. റോഡ്, കരുംകുളം, പുതിയതുറ പി.ഒ. |
| 3 | ഡോ.ജവഹർ ഐ.എസ്., മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | - | ഡെയിൽ വ്യൂ, ഇരുമ്പിൽ, നെയ്യാറ്റിൻകര |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം, ഖണ്ഡിക നമ്പർ | റിമാർക്സ് |
|---|---|---|---|
| 2003-04 | കെഎസ്എ റ്റിവിഎം ജിപി 1/1186/18 തീയതി 05.07.2018 | 1എണ്ണം 3(3) | |
| 2004-05 | ടി | 1എണ്ണം 3.6 | |
| 2005-06 | ടി | 2എണ്ണം 3(2), 2(1) | |
| 2006- | ടി | 4എണ്ണം | |

| | | | |
|---|---|---|---|
| 07 | | 3.2, 3.5, 3.6(1), 3.6(2) | |
| 2007-08 | ടി | 5എണ്ണം<br>2.2, 3.3, 3.5(1), 3.5(2), 3.5(5) | |
| 2008-09 | ടി | 5എണ്ണം<br>3.4, 3.5, 3.8.1, 3.8.2, 3.8.3 | |
| 2009-10 | ടി | 6എണ്ണം<br>2.2, 3.3(a), 3.3(b), 3.7, 3.11.1,3.11.2 | |
| 2010-11 | ടി | 13 എണ്ണം<br>2-1, 3-1, 3-3, 3-4, 3.5, 3-7,<br>3-9, 3-10, 3(11)A, 3(11)B,<br>3(11)C, 3(12)A, 3(12)B | |
| 2011-12 | ടി | 5എണ്ണം<br>2(2), 2(3)(1), 2(3)(2),<br>3(2), 3(7) | |
| 2012-13 | ടി | 10എണ്ണം<br>2.1(ബി), (സി), (ഡി),<br>2.3, 2.4, 3.2, 3.3, 3.5, 3.7, 3.8 | |
| 2013-14 | ടി | 16 എണ്ണം<br>2.5, 2.6, 2.7, 3.1, 3.2,<br>3.3, 3.4, 3.5, 3.7, 3.10, 3.11, 3,19,<br>3.20 | |
| 2014-15 | ടി | 22 എണ്ണം<br>2.1, 2.2, 2.3, 2.5, 2.6,<br>2.7, 2.8, 2.9, 2.10, 2.11, 2.12, 2.13,<br>2.14, 3.1, 3.2, 3.3, 3.4, 3.9, 3.10,<br>3.12, 3.13, 3.14 | |
| 2015-16 | കെഎസ്എ റ്റിവിഎം ജിപി 1/2157/17 തീയതി 26.10.2017 | 7എണ്ണം<br>2(2), 2(3), 3(1), 3(2),<br>3-3, 3(4), 3(7) | |
| 2016-17 | കെഎസ്എ റ്റിവിഎം ജിപി 1/1657(എ)/17 തീയതി 09.02.2018 | 7എണ്ണം<br>2(2), 2(3), 2(4),<br>3(1), 3(2), 3(3), 3(4) | |
| 2017-18 | കെഎസ്എ റ്റിവിഎം ജിപി 1/110/19 തീയതി 26.03.2019 | 7എണ്ണം | |

(ഒപ്പ്)

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

# അനുബന്ധം - 1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം: കെ.എസ്.എ/ടി.വി.എം/ജി.പി.1/1110/2020.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം-695001.
e-mail: lfadtvm@yahoo.in
Phone : 0471 2331231

തീയതി: 12-11-2020.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ പൂവ്വാർ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങളും ചുവടെചേർത്തിരിക്കുന്ന പരാമർശങ്ങളും ഒഴികെ എന്റെ അഭിപ്രായത്തിൽ പൂവ്വാർ ഗ്രാമപഞ്ചായത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

(ഒപ്പ്)
ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

R.18.11.20